**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2976** **28-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി എന്ന പദ്ധതിയും പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളായ മത്സ്യ കർഷകർക്ക് സബ്സിഡിയും മത്സ്യകൃഷി പരിശീലനവും നൽകി വരുന്നു. 2022-23 സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി കാർപ്പ്, അനാബാസ്, ആസ്സാംവാള തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളും മത്സ്യ തീറ്റയും സബ്സിഡിയായി നൽകുന്നു. പിന്നാമ്പുറങ്ങളിലെ വിത്തുല്പാദന പദ്ധതിയിൽ കരിമീൻ, വരാൽ എന്നിവയുടെ വിത്തുല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയ്ക്ക് യൂണിറ്റ് കോസ്റ്റിന്റെ 40 ശതമാനം സബ്സിഡിയായി നൽകി വരുന്നു. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതിയുടെ ഭാഗമായി പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി, ഓരുജല കൂട് കൃഷി എന്നിവ സ്ഥാപിച്ചു വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40% സബ്സിഡിയും എസ്.സി/എസ്.റ്റി വനിതാവിഭാഗത്തിന് 60% സബ്സിഡിയും നൽകി വരുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യ ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ; | (ബി) | ഉണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഉൾനാടൻ മത്സ്യകർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ മെച്ചപ്പെട്ട വില | (സി) | കർഷകർക്ക് ശരാശരി വില മാത്രമാണ് നിലവിൽ ലഭിച്ചു വരുന്നത്. മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് മെച്ചപ്പെട്ട വില |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ? | | ലഭ്യമാകുന്നതിനുവേണ്ടി ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി താമരശ്ശേരിയിലെ പുതുപ്പാടിയിൽ മാർക്കറ്റിങ്ങ് ഔട്ട് ലെറ്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷത്തിന്റെ ലൈവ് ഫിഷ് സെന്റർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പയ്യോളി കേന്ദ്രീകരിച്ച് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മത്സ്യോല്പാദനത്തിൽ ഉണ്ടായ വർദ്ധനവിന്റെ വിശദാംശം

| ക്രമ നമ്പർ | ഇനം | വിളവെടുപ്പ് (Kg) |
|---|---|---|
| 1 | കാർപ്പ | 20,372 |
| 2 | ആസ്സാംവാള | 20,388 |
| 3 | തിലാപ്പിയ | 4000 |
| 4 | കരിമീൻ | 15,460 |
| 5 | പൊതുകളം | 1585 |
| | ആകെ | 61805 |

സെക്ഷൻ ഓഫീസർ